യാത്രാനുഭവം

# ചിത്രമൂലയിലെ രാത്രി

വിശാലമായ താഴ്‌വാരത്തിലേയ്ക്ക് മേഘങ്ങൾ ചാഞ്ഞിറങ്ങിക്കൊണ്ടിരുന്നു. കാണെക്കാണെ ആ താഴ്‌വാരം മുഴുവനും കോടപരക്കുന്നതും കണ്ണുകൾക്ക് കടിഞ്ഞാൺ വീഴുന്നതും ഞങ്ങളറിഞ്ഞു.

കാടുകളുടെ സ്വർഗ്ഗമാണ് കടജാദ്രി. ചിത്രമൂലയാകട്ടെ അനുഭവങ്ങളുടെ ഒടുങ്ങാത്ത കലവറയും. ഏറെ നാളത്തെ തയ്യാറെടുപ്പുകൾക്കുശേഷമാണ് കടജാദ്രിയിലേക്കുള്ള യാത്ര. പലപ്പോഴും മുടങ്ങിപ്പോയ അവസാനവട്ട നീട്ടിവെയ്ക്കലുകൾ വേണ്ടിവന്ന ഒരു യാത്ര. ഒടുവിൽ അൻവറിനും എനിക്കുതന്നെയും വിശ്വാസം നഷ്ടപ്പെട്ടിരുന്നു. ഞങ്ങളെന്നെങ്കിലും മൂകാംബികയിലേയ്ക്ക് പോകും എന്നതിന്.

കടജാദ്രിയിൽ നിന്ന് വീണ്ടും മുകളിലോട്ടു കയറുമ്പോൾ കരുതിയിരുന്നത് സർവ്വജ്ഞപീഠവും താഴെ ചിത്രമൂലയും കണ്ട് മടങ്ങാം എന്നായിരുന്നു. പറ്റിയാൽ സർവ്വജ്ഞപീഠത്തിൽ ഒരു രാത്രി തങ്ങുകയുമാകാം. കരിങ്കൽ മണ്ഡപത്തിനു സമീപം തലേന്നാൾ തങ്ങിയവർ തീകൂട്ടിയതിന്റേയും ഭക്ഷണം കഴിച്ചതിന്റേയും അവശിഷ്ടങ്ങൾ പരന്നുകിടന്നിരുന്നു.

ജീവിതത്തിനും മരണത്തിനുമിടയിലെ നൂൽപ്പാലംപോലെ കിടക്കുന്ന വളഞ്ഞുപുളഞ്ഞ ഒറ്റയടിപ്പാതകൾ, തെറ്റിപ്പോകുന്ന കാലടികൾക്കു കൊടുക്കേണ്ടിവരുന്ന വില ജീവൻതന്നെയാകുന്ന യാത്ര. മൂകാംബികയിൽ നിന്ന് നടന്ന് കടജാദ്രിയിലേയ്ക്ക് പോകുമ്പോൾ കാരിക്കട്ടെയിൽ ബസ്സിറങ്ങി 8 കിലോമീറ്റർ വനമദ്ധ്യത്തിലൂടെ നടക്കണം. അവിടെനിന്നും സർവ്വജ്ഞപീഠത്തിലേക്കാകട്ടെ 30 മിനിട്ടോളം വീണ്ടുമൊരു യാത്ര. ഈ യാത്രയിലൊന്നും അനുഭവിക്കാത്ത ഭയവും സാഹസികതയുമൊക്കെ ഉള്ളിലുണർത്തുന്ന ചിത്രമൂലയിലേയ്ക്കുള്ള വഴി.

ചിത്രമൂലയെന്നാൽ ചെറിയൊരു ഗുഹയാണ്. ചെങ്കുത്തായ മലനിരകൾക്കുള്ളിലേയ്ക്കുള്ള ഒരുള്ള്. താഴത്തും മുകളിലും ചുറ്റിലുമൊക്കെയായി നിറഞ്ഞ കാട്. അവിടെയൊരു ശിവലിംഗവും ശങ്കരാചാര്യരുടെ ചെറിയൊരു വിഗ്രഹവും. മുകളിൽനിന്ന് ഇറ്റിറ്റായി വീഴുന്ന ജലം ഗുഹയ്ക്ക് ഒരുവശത്തു കൂടെ താഴോട്ടൊലിച്ചിറങ്ങുന്നു.

എണ്ണയൊഴിച്ച്, തിരിതെളിയിച്ച്, വിഗ്രഹങ്ങൾ തുടച്ചുമിനുക്കി ഗുഹയിലൊരു സ്വാമിയുണ്ട്. ഒരു കൊല്ലത്തുകാരൻ മലയാളി യുവാവ്. ചിത്രമൂലയിൽ തങ്ങിയാലോ എന്നാദ്യം ചോദിച്ചത് പാനൂരുകാരൻ ജിതേഷാണ്. കാരിക്കട്ടെയിൽ ബസ്സിറങ്ങി കടജാദ്രിയിലേയ്ക്ക് നടക്കുമ്പോൾ വഴിയിൽ വെച്ച് പരിചയപ്പെട്ടതാണ് ജിതേഷിനെ. കൂടെ സഹോദരന്മാർ കൂടിയായ സബിനും സഗീറും. പിന്നെയുള്ള കയറ്റങ്ങൾ ഒരുമിച്ച്.

സ്വാമി എതിരൊന്നും പറഞ്ഞില്ല. തലേന്നാൾ ഗുഹയ്ക്കു താഴെ പുലിയിറങ്ങിയിരുന്നുവെന്നുമാത്രം പറഞ്ഞു. രാത്രി ഭക്ഷണം പാകംചെയ്യാൻ താഴെനിന്ന് വിറകൊടിക്കാനും. ചിത്രമൂലയിലിരുന്നാൽ അകലെ താഴ്‌വരകൾക്കപ്പുറം അസ്തമയം കാണാം. അസ്തമയം കഴിഞ്ഞപ്പോഴേയ്ക്കും നിലാവു പരന്നു. കാടും നിശ്ശബ്ദമായി. ജിതേഷും സ്വാമിയും അൻവറും ചേർന്ന് അരി വേവിച്ച് പായസം എന്നു പറയാവുന്ന ഒന്നുണ്ടാക്കി. വിശപ്പുണ്ടായിട്ടും ഏറെ കഴിക്കാനായില്ല.

കുറച്ചുനേരം സംസാരിച്ചിരുന്നു. പിന്നെ കിടക്കാമെന്നുവെച്ചു. ആറു പേർക്കു കൂടി കിടക്കാനുള്ള സ്ഥലം ഗുഹയിലില്ല. വിഗ്രഹം സ്വല്പം മാറ്റിവെച്ചും പൂജാസാമഗ്രികൾ മാറ്റിയും സ്വാമി സ്ഥലമൊരുക്കിത്തന്നു. ദൈവങ്ങൾക്കും വിഗ്രഹങ്ങൾക്കുമൊപ്പം ഒരു രാത്രി. എല്ലാവരും കിടന്നു. എനിക്കാണെങ്കിൽ ഉറക്കം വന്നില്ല. ഉറക്കത്തിൽ ചെറുതായൊന്നുരുണ്ടാൽ പത്തു പന്ത്രണ്ടടിയോളം താഴെ പാറമേലേക്കാണ് വീഴുക. അവിടെനിന്നും ചിലപ്പോൾ താഴോട്ടുരുണ്ടേക്കാം.

എഴുന്നേറ്റിരുന്നു. ദൂരെ മൂകാംബികയിൽ നിന്നും ഉഡുപ്പിയിൽ നിന്നുമൊക്കെയുള്ള വെളിച്ചത്തിന്റെ പൊട്ടുകൾ. സമുദ്രനിരപ്പിൽ നിന്നും 4300 ഓളം അടി ഉയരെയാണ് ചിത്രമൂലയുടെ സ്ഥാനം. അതും ഏകദേശം കുത്തനെയുള്ള മലഞ്ചെരിവിൽ. താഴെ നിലാവിൽ വിശാലമായ ഒരു ലോകം പരന്നുകിടക്കുന്നു. മൂകാംബികാക്ഷേത്രത്തിലെ ശ്രീകോവിൽ കിഴക്കോട്ടാണ് തുറക്കുന്നത്. ചിത്രമൂലയുടേതാകട്ടെ, പടിഞ്ഞാട്ടും. രണ്ടും നേർക്കുനേർ. അതുകൊണ്ടാണ് കോലമഹർഷിയും ശങ്കരാചാര്യരും തപസ്സിനായി ചിത്രമൂല തിരഞ്ഞെടുത്തത് എന്നാണ് വിശ്വാസം.

ഭയപ്പെടുത്തുന്ന നിശ്ശബ്ദതയിൽ തനിയെ അങ്ങിനെ നോക്കിയിരിക്കുമ്പോൾ മനസ്സിൽ നിറയുന്നത് ശാന്തതയാണ്. പിന്നീടെപ്പോഴോ കിടന്നു. പാതിയുറങ്ങിയും മയങ്ങിയും കിടക്കുമ്പോഴാണ് ശംഖനാദം കേട്ടത്. സ്വാമിയാണ്. ബ്രഹ്മമുഹൂർത്തമാണത്രേ. കിലോമീറ്ററുകൾക്കപ്പുറത്ത് മൂകാംബികയിൽ നടതുറക്കുന്ന സമയം. നേർക്കുനേരെയിരുന്ന് ധ്യാനിക്കാം. സ്വാമി ക്ഷണിച്ചു.

ഭക്തി ഒരു വികാരമല്ലാതായിത്തീർന്നിട്ട് നാളുകളായി. ഗുഹയിലേയ്ക്ക് ഇറ്റുവീഴുന്ന വെള്ളം ശേഖരിച്ചുവെച്ച പാത്രത്തിൽ നിന്നും മുഖംകഴുകി. വെള്ളത്തിന് ഇത്രയും തണുപ്പുവരെയുണ്ടാകാം എന്നറിഞ്ഞത് അപ്പോഴാണ്. കുറച്ചുനേരം സ്വാമിയെ അനുകരിച്ച് പത്മാസനത്തിലിരുന്നു. വീണ്ടും കിടന്നു.

സ്വാമിക്ക് ചെറിയൊരു ദക്ഷിണ കൊടുത്ത് യാത്രപറഞ്ഞ് വീണ്ടും മലകയറുമ്പോൾ നിറഞ്ഞ കോടയായിരുന്നു മുന്നിൽ. ഇടയ്ക്കൊക്കെ ചവുട്ടടി പോലും കാണാനാവാത്ത വിധത്തിൽ. എങ്കിലും തലേന്നാൾ സർവ്വജ്ഞപീഠത്തിൽ നിന്നും മലയിറങ്ങിവരുമ്പോൾ തോന്നിയ പേടിയുണ്ടായില്ല. തലേന്നാൾ നിലാവിൽ കുളിച്ചുകിടന്നിരുന്ന വിശാലമായ ഒരു താഴ്‌വാരം മുഴുവൻ മഞ്ഞിൽ പുതഞ്ഞ് അങ്ങിനെ. മല കയറി മുകളിലെത്തിയപ്പോൾ ഒന്നുകൂടി തിരിഞ്ഞുനോക്കി.

നടന്നായിരുന്നു കടജാദ്രിയിലേയ്ക്കുള്ള യാത്ര. അവിടെ കാലഭൈരവക്ഷേത്രപുരോഹിതന്റെ വീട്ടിൽ ബാഗ വെച്ച് മുകളിൽ ഇടതിങ്ങിയ ചോലക്കാട്ടിലേയ്ക്ക് കയറി. ചോലയിൽ കാടിന്റെ താളമറിഞ്ഞെന്നവണ്ണം നഗ്നരായി കുളിച്ചു. യാത്രയുടെ എല്ലാ ക്ഷീണവും കഴുകിക്കളഞ്ഞ് തിരിച്ചുവന്ന് ഭക്ഷണം കഴിച്ചു. തുടർന്നാണ് വീണ്ടും മലകയറ്റം തുടങ്ങിയത്.

കെ.എസ്.